# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം
2013 മാര്‍ച്ച് 25, തിങ്കള്‍
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങള്‍
(ആകെ ചോദ്യങ്ങള്‍- 30)

| മറുപടി നല്‍കുന്ന മന്ത്രിമാര്‍ |
|---|
| മുഖ്യമന്ത്രി |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി |
| വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി |
| ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി |

## ആദിവാസികളുമായി സഹകരിച്ച് ഔഷധസസ്യങ്ങള്‍ വെച്ചുപിടിപ്പിക്കുന്ന പദ്ധതി

*151 ശ്രീ. ചിറ്റയം ഗോപകുമാര്‍
,, മുല്ലക്കര രത്നാകരന്‍
ശ്രീമതി ഇ. എസ്. ബിജിമോള്‍
ശ്രീ. ഇ. കെ. വിജയന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വനത്തോടുചേര്‍ന്നുള്ള പ്രദേശങ്ങളില്‍ ആദിവാസികളുമായി സഹകരിച്ച് ഔഷധസസ്യങ്ങള്‍ വെച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതികള്‍ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) ഔഷധസസ്യക്കൃഷിയില്‍ ഏര്‍പ്പെടുന്ന ആദിവാസികള്‍ ഉള്‍പ്പെടെയുള്ളവര്‍ക്ക് ഏതെങ്കിലും തരത്തിലുള്ള പരിശീലനം നല്‍കാന്‍ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍, വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് കേന്ദ്രസഹായം അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍ എന്ത് തുകയെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

ജനസൗഹൃദ പോലീസ്

*152 ശ്രീ. സി. എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസിനെ കൂടുതൽ ജനസൗഹൃദ സേനയായി രൂപപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) പോലീസ് സേനയിൽ ആധുനികവത്കരണവും കാര്യക്ഷമതയും നിലനിർത്തുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ</u>

*153 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, റ്റി. എ. അഹമ്മദ് കബീർ
,, കെ. എൻ. എ. ഖാദർ
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നേരിടുന്ന തൊഴിൽ പരവും സാമ്പത്തികവുമായ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രശ്നപരിഹാരത്തിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കടലിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മീൻപിടിക്കാവുന്ന പരിധി വർദ്ധിപ്പിക്കാനും ആ മേഖല പരമ്പരാഗത വിഭാഗത്തിനു മാത്രമായി നില നിർത്താനും നടപടി സ്വീകരിക്കുമോ;

(ഡി) മത്സ്യവിപണനം, പരമ്പരാഗത വിഭാഗത്തിനു മാത്ര മായി പരിമിതപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>വിമുക്തഭടന്മാരുടെ പ്രശ്നങ്ങള്‍</u>

*154 ശ്രീ. ഹൈബി ഈഡന്‍
,, എം. പി. വിന്‍സന്റ്
,, ഐ. സി. ബാലകൃഷ്ണന്‍
,, ഷാഫി പറമ്പില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിമുക്തഭടന്മാരുടെ പ്രശ്നങ്ങള്‍ പഠിക്കുന്നതിനായി വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സമിതിയുടെ റിപ്പോര്‍ട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങള്‍ നല്‍കുമോ;

(സി) പ്രസ്തുത റിപ്പോര്‍ട്ടിലെ പ്രധാന നിര്‍ദ്ദേശങ്ങള്‍ എന്തെല്ലാമാണെന്നറിയിക്കുമോ;

(ഡി) പ്രസ്തുത റിപ്പോര്‍ട്ടിന്മേല്‍ എന്തെല്ലാം തുടര്‍നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>പോലീസ് വാഹനങ്ങളിൽ ജി. പി. എസ്. സംവിധാനം</u>

*155 ശ്രീ. എ. റ്റി. ജോർജ്
,, സണ്ണി ജോസഫ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പോലീസ് വാഹനങ്ങളിലും ജി. പി. എസ്. സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ഡി) ഈ പദ്ധതിക്ക് എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>പട്ടികജാതി – പട്ടികവര്‍ഗ്ഗ വിഭാഗങ്ങള്‍ക്കെതിരെയുള്ള അതിക്രമങ്ങള്‍</u>

*156 ശ്രീ. കെ. രാധാകൃഷ്ണന്‍
,, കെ. വി. വിജയദാസ്
,, ആര്‍. രാജേഷ്
,,എസ്. രാജേന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികജാതി–പട്ടികവര്‍ഗ്ഗ വിഭാഗങ്ങള്‍ക്കെതിരെയുള്ള അതിക്രമങ്ങള്‍ സംസ്ഥാനത്ത് വര്‍ദ്ധിച്ചുവരുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ ഇതു തടയുന്നതിനും കുറ്റവാളികള്‍ക്കെതിരെ സമയബന്ധിതമായി ശിക്ഷാ നടപടി സ്വീകരിക്കുന്നതിനും തയ്യാറാകുമോ;

(സി) ഈ വിഭാഗങ്ങള്‍ക്കെതിരെ അതിക്രമങ്ങള്‍ ഉണ്ടാകുമ്പോള്‍ 1989 ലെ അതിക്രമങ്ങള്‍ തടയല്‍ ആക്ട്പ്രകാരം കേസ് രജിസ്റ്റര്‍ ചെയ്യാന്‍ പോലീസ് തയ്യാറാകാത്ത സ്ഥിതിവിശേഷം റിപ്പോര്‍ട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കില്‍ വിശദമാക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>അഗ്നിശമന സേനാ വിഭാഗത്തിന്റെ ശാക്തീകരണം</u>

*157 ശ്രീ. റോഷി അഗസ്റ്റിൻ
,, എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഗ്നിശമന സേനാവിഭാഗത്തെ ശാക്തീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം ആധുനികവൽക്കരണ നടപടികളാണ് നടപ്പാക്കുന്നത്;

(ബി) പ്രസ്തുത ലക്ഷ്യം മുൻനിർത്തി 2013-14 സാമ്പത്തിക വർഷം നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; ഈ ഇനത്തിൽ എത്ര തുക നീക്കിവയ്ക്കാൻ ഉദ്ദേശിക്കുന്നു;

(സി) 2012-13 വർഷം പ്രഖ്യാപിച്ച ഫയർ സ്റ്റേഷനുകളുടെ പ്രവർത്തനം ആരംഭിക്കാൻ സാധിച്ചുവോ; നടപടികളുടെ പുരോഗതി വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>ലോകായുക്തയെ ശക്തിപ്പെടുത്തുന്നതിന് പദ്ധതി</u>

*158 ശ്രീ. ആർ. സെൽവരാജ്
,, ലൂഡി ലൂയിസ്
,, എ. പി. അബ്ദുളളക്കുട്ടി
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലോകായുക്തയെ ശക്തിപ്പെടുത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് ഇത് നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ നടപടി</u>

*159 ശ്രീ. എ. കെ. ബാലൻ
,, ഇ. പി. ജയരാജൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനങ്ങളുടെ ജീവനും സ്വത്തിനും സഞ്ചാരസ്വാതന്ത്ര്യത്തിനും സംരക്ഷണം നൽകുന്നതിൽ വീഴ്ച ഉണ്ടാകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊള്ളയും പിടിച്ചുപറിയും പീഡനങ്ങളും കവർച്ചയും ഗുണ്ടാ ആക്രമണങ്ങളും ബലാത്സംഗങ്ങളും സംസ്ഥാനത്ത് നിത്യസംഭവങ്ങളായിരിക്കുകയും ജനങ്ങൾ ഭീതിയിൽ അകപ്പെട്ടിരിക്കുകയുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അവരവരുടെ വീടുകളിൽ കിടന്നുറങ്ങാനും സ്ത്രീകൾക്കും പെൺകുട്ടികൾക്കും നാട്ടിലിറങ്ങി നടക്കാനും പറ്റാത്ത അന്തരീക്ഷം സംജാതമായി എന്ന ആക്ഷേപം പരിശോധിക്കുകയുണ്ടായോ;

(ഡി) ഫലപ്രദമായ നിയമ നടപടി ഉണ്ടാകാത്തതിനാൽ പീഡനക്കാരും പിടിച്ചുപറിക്കാരും മോഷ്ടാക്കളും നാട്ടിൽ ഏറിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>മത്സ്യ ഉല്പാദനം</u>

*160 ശ്രീ. കെ. വി. അബ്ദുൾ ഖാദർ
,, എസ്. ശർമ്മ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും മത്സ്യസമ്പത്തിന്റെ സംരക്ഷണവും വിവേകപൂർണ്ണമായ ചൂഷണം ഉറപ്പ് വരുത്തുന്നതിനും തയ്യാറാകുമോ;

(ബി) എങ്കിൽ ഇതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ.

(സി) മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിന് വിഘാതമായിട്ടുള്ള പ്രമുഖ ഭീഷണികൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള പ്രതിവിധികൾ എന്തൊക്കെയാണ് ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>ടൂറിസം പദ്ധതികൾ</u>

*161 ശ്രീ. കെ. രാജു
,, വി. എസ്. സുനിൽ കുമാർ
,, ഇ. കെ. വിജയൻ
,, വി. ശശി
,,

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെയും വനം വികസന കോർപ്പറേഷന്റെയും കീഴിൽ ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികൾ എവിടെയെല്ലാമാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഗവി വനമേഖലയിൽ നടത്തുന്ന വിനോദ സഞ്ചാര പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) ഗവി മോഡൽ മറ്റ് സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; ഇതിനായി എന്തെല്ലാം പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പരിസ്ഥിതിക്ക് കോട്ടം വരാതെ പ്രസ്തുത പദ്ധതികൾ നടപ്പാക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

## അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സംവിധാനം

*162 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, എം. ചന്ദ്രൻ
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിൽ വർദ്ധിച്ചുവരുന്ന ക്രമക്കേടുകളും അഴിമതികളും തടയാൻ നിലവിലുള്ള വിജിലൻസ് സംവിധാനം എത്രത്തോളം പര്യാപ്തമാണെന്ന് വ്യക്തമാക്കുമോ;

(ബി) വകുപ്പുകളിലെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സംവിധാനം ശക്തിപ്പെടുത്താൻ തയ്യാറാകുമോ;

(സി) സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും രൂപീകരിച്ച വിജിലൻസ് സെല്ലുകളുടെ പ്രവർത്തനം വിശദമാക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

**സർക്കാർ സർവ്വീസിൽ നിയമനത്തിന് മലയാളഭാഷാ പഠനം നിർബന്ധിതമാക്കിയ നടപടി**

*163 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ നിയമനത്തിനായി മലയാളഭാഷാപഠനം നിർബന്ധിതമാക്കിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(ബി) നിലവിലുള്ള ജീവനക്കാരിൽ മലയാളഭാഷയിൽ പ്രാവീണ്യമില്ലാത്തവർക്ക് പ്രത്യേക പരിശീലന പരിപാടികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) സ്കൂൾ, കോളേജ് തലങ്ങളിൽ മലയാളം പഠിക്കാത്തവർക്ക് മലയാളത്തിൽ പ്രാവീണ്യം നേടുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

ഇക്കോ സെൻസിറ്റീവ് പ്രദേശങ്ങൾ

*164 ശ്രീ. ഇ. പി. ജയരാജൻ
,, റ്റി. വി. രാജേഷ്
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും കുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വന്യമൃഗ സങ്കേതങ്ങളുടെ രണ്ട് കിലോമീറ്റർ ചുറ്റളവ് വരെ ഇക്കോ സെൻസിറ്റീവ് പ്രദേശങ്ങളായി വിജ്ഞാപനം ചെയ്യാൻ വനംവകുപ്പ് ശുപാർശ ചെയ്തിട്ടുണ്ടോ ; ഇതുമായി ബന്ധപ്പെട്ട് വനംവകുപ്പ് തയ്യാറാക്കിയ വിജ്ഞാപനത്തിന്റെ കരട് ലഭ്യമാക്കുമോ ;

(ബി) സർക്കാർ നിയോഗിച്ച വന്യജീവി ബോർഡിന്റെ ഇതു സംബന്ധിച്ച ശുപാർശ എന്തായിരുന്നു ; വിശദമാക്കുമോ ;

(സി) വനംവകുപ്പിന്റെ ശുപാർശയിന്മേൽ നിയമവകുപ്പ് പ്രകടിപ്പിച്ച അഭിപ്രായം എന്തായിരുന്നു ; വിശദമാക്കാമോ ;

(ഡി) ഇക്കാര്യത്തിലെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>മദ്യപാനം മൂലം തകർന്നുപോയ കുടുംബങ്ങളുടെ സംരക്ഷണം</u>

*165

ശ്രീ. കെ. കെ. നാരായണൻ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. എസ്. രാജേന്ദ്രൻ
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യപാനം മൂലം തകർന്നുപോയ കുടുംബങ്ങളുടെ സംരക്ഷണം ഉറപ്പാക്കാൻ മദ്യവില്പനയിൽ നിന്നുള്ള വരുമാനം ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) മദ്യ ഉല്പന്നങ്ങളുടെ 2013-14 വർഷത്തെ വിപണന ലക്ഷ്യം എന്തു തുകയുടേതാണ്; ഇതിലൂടെ പ്രതീക്ഷിക്കുന്ന റവന്യൂ വരുമാനം എത്ര; ഇത് മുൻവർഷത്തേതിനേക്കാൾ എത്ര ശതമാനം കൂടുതലാണ്;

(സി) വർദ്ധിച്ചുവരുന്ന മദ്യാസക്തിയും അതുമൂലമുള്ള സാമൂഹ്യവിപത്തും പരിഗണിച്ച് മദ്യത്തിന്റെ വിപണന ലക്ഷ്യത്തിൽ കുറവ് വരുത്താനുദ്ദേശിക്കുന്നുണ്ടോ;

(ഡി) മദ്യം പൊതുമേഖലയിൽ ഉല്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നെങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**കേരള നിയമസഭ**
**25.03.2013–ലെ മറുപടിക്ക്**

<u>വനിതകൾക്ക് സിവിൽ പോലീസ് ആഫീസർ കേഡറിൽ സംവരണം</u>

*166 ശ്രീ. വി. റ്റി. ബൽറാം
,, ഷാഫി പറമ്പിൽ
,, ഐ. സി. ബാലകൃഷ്ണൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനിതകൾക്ക് സിവിൽ പോലീസ് ആഫീസർ കേഡറിൽ സംവരണം ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ;

(ബി) എത്ര ശതമാനം സംവരണം ഉറപ്പ് വരുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി ഒരു റിക്രൂട്ട്മെന്റ് ഡ്രൈവ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ ക്രിമിനൽ നിയമഭേദഗതി</u>

*167 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
ശ്രീമതി കെ. എസ്. സലീഖ
,, പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ കടുത്ത ശിക്ഷ നൽകാൻ കേന്ദ്രസർക്കാർ ഓർഡിനൻസിലൂടെ ക്രിമിനൽ നിയമഭേദഗതി കൊണ്ടുവന്നിട്ടുള്ളതായി അറിയാമോ;

(ബി) സംസ്ഥാനത്ത്, ഭേദഗതി ചെയ്ത പ്രകാരമുള്ള ക്രിമിനൽ നിയമം നിലവിൽ വന്നതിനുശേഷം അതിലെ വകുപ്പുകൾ പ്രകാരം കേസ് എടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സംസ്ഥാനത്തു നിലവിലുള്ള പ്രത്യേക സാഹചര്യത്തിൽ ഈ നിയമം അപര്യാപ്തമാണെന്നു വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) പ്രസ്തുത സാഹചര്യത്തിൽ ഏതെല്ലാം കാര്യങ്ങളിൽ എന്തെല്ലാം പുതിയ വ്യവസ്ഥകൾ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>മത്സ്യബന്ധനമേഖലയുടെ സമഗ്രവികസനം</u>

*168 ശ്രീ. എം. എ. വാഹീദ്
,, റ്റി. എൻ. പ്രതാപൻ
,, വർക്കല കഹാർ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യബന്ധനമേഖലയുടെ സമഗ്രമായ വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്;

(ബി) ഇതിനായി എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നത്;

(സി) നബാർഡിന്റെ സഹായം പ്രസ്തുത പദ്ധതിക്കുവേണ്ടി വിനിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ;

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

ഔദ്യോഗിക കൃത്യനിർവ്വഹണ വീഴ്ചയ്ക്കെതിരെ നടപടി

*169 ശ്രീമതി കെ.എസ്. സലീഖ
ശ്രീ. ഇ.പി. ജയരാജൻ
ശ്രീമതി കെ.കെ. ലതിക
,, പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പീഡനങ്ങൾക്കിരയാവുന്ന സ്ത്രീകളുടെ പരാതികളിന്മേൽ ഉത്തരവാദപ്പെട്ടവർ കടമ നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയാൽ നൽകാവുന്ന പരമാവധി ശിക്ഷ എന്താണ്; ഇത് വർദ്ധിപ്പിക്കാനോ ലഘൂകരിക്കാനോ ഉദ്ദേശമുണ്ടോ;

(ബി) ഇത്തരം സംഭവങ്ങൾ ഉണ്ടായിട്ടുള്ളതായി കരുതുന്നുണ്ടോ;

(സി) പീഡനത്തിനിരയാകുന്നവരുടെ കാര്യത്തിൽ ചുമതലാബോധം കാണിക്കാത്തവരുടെ ശിക്ഷ സംബന്ധിച്ച് ക്രിമിനൽ ലാ (അമന്റ്മെന്റ്) ഓർഡിനൻസിലെ പുതിയ വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ഡി) ഇതു സംബന്ധിച്ച നിയമവ്യവസ്ഥകൾ വിശദമാക്കാമോ ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>തീരദേശ നിയന്ത്രണ പരിധി ലംഘിച്ചുള്ള മൽസ്യബന്ധനം</u>

*170 ശ്രീ. കെ. അജിത്
,, ഇ. ചന്ദ്രശേഖരൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശ നിയന്ത്രണ പരിധി ലംഘിച്ച് മത്സ്യബന്ധനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ പരിധി ലംഘിച്ച എത്ര സംഭവങ്ങളുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) യന്ത്രവൽകൃത ബോട്ടുകളുടെ കടന്നു കയറ്റം തടയുന്നതിനും മീൻ പിടുത്ത നിയന്ത്രണ നിയമം നടപ്പാക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

## കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ

*171 ശ്രീ. സി. മോയിൻകുട്ടി
,, വി.എം. ഉമ്മർ മാസ്റ്റർ
,, സി. മമ്മൂട്ടി
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ടമേഖലയെ സംബന്ധിച്ച ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ചിരുന്ന കസ്തൂരിരംഗൻ കമ്മിറ്റി അതിന്റെ റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളതായി അറിയുമോ; എങ്കിൽ വിശദമാക്കുമോ;

(ബി) കസ്തൂരിരംഗൻ കമ്മിറ്റി മുമ്പാകെ കേരളത്തിന്റെ നിലപാടുകൾ വ്യക്തമാക്കാനും, ജൈവമേഖലയ്ക്ക് ഹാനിവരുത്താതെ സംസ്ഥാനത്തിന്റെ താൽപര്യം സംരക്ഷിക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) പശ്ചിമഘട്ടമേഖലയിൽ അധിവസിക്കുന്ന ജനങ്ങളെ ബാധിക്കാത്തവിധം ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ എങ്ങനെ നടപ്പാക്കാനാവുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>എയർ കേരള</u>

*172 ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. സി. ദിവാകരൻ
,, പി. തിലോത്തമൻ
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗൾഫ് യാത്രക്കാരുടെ ക്ലേശം പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ എയർ കേരള ആരംഭിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷയും വ്യക്തമായ പദ്ധതിയും കേന്ദ്ര ഗവൺമെന്റിനു മുൻപാകെ സമർപ്പിച്ചിട്ടുണ്ടോ;

(ബി) വിമാന കമ്പനി തുടങ്ങുന്നതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽ നിന്നും വ്യക്തമായ എന്തെങ്കിലും ഉറപ്പ് ലഭിച്ചിട്ടുണ്ടോ;

(സി) ഈ കമ്പനി നടത്തുന്നതുമായി ബന്ധപ്പെട്ട് സാങ്കേതിക വിദഗ്ദ്ധരുമായി ഏതെങ്കിലും രീതിയിലുള്ള ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ചർച്ചയുടെ ഫലം എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>മുന്നോക്ക സമുദായ കമ്മീഷൻ</u>

*173 ശ്രീ. കെ. മുരളീധരൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുന്നോക്ക സമുദായ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കമ്മീഷനെ സ്ഥിരം സ്റ്റാറ്റ്യൂട്ടറി കമ്മിഷനാക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

മൊബൈൽ തിയേറ്ററുകൾ

*174 ശ്രീ. വർക്കല കഹാർ
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൊബൈൽ തിയേറ്റർ സംവിധാനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തൊക്കെയാണ് ;

(സി) ആരുടെയെല്ലാം പങ്കാളിത്തത്തിലാണ് ആയതിന്റെ പ്രവൃത്തികൾ ആരംഭിക്കുവാനുദ്ദേശിക്കുന്നത് ; വിശദാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>പോലീസിൽ ഏകീകൃത റിക്രൂട്ട്മെന്റ് സംവിധാനം</u>

*175 ശ്രീ. വി. പി. സജീന്ദ്രൻ
,, അൻവർ സാദത്ത്
,, ലൂഡി ലൂയിസ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസിൽ ഏകീകൃത റിക്രൂട്ട്മെന്റ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>കായിക പരിശീലന കേന്ദ്രങ്ങൾ</u>

*176 ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
,, എം. വി. ശ്രേയാംസ് കുമാർ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായിക മേഖലയുടെ ഉന്നമനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നൽകിയിട്ടുള്ള സംഭാവനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ സ്പോർട്ട്സ് കൗൺസിലിന്റെ പങ്ക് എന്താണ്; വിശദാംശങ്ങൾ നല്കുമോ;

(സി) അത്യാധുനിക കായിക പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അവയുടെ നവീകരണത്തിനുമായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നല്കുമോ;

(ഡി) നിലവാരമുള്ള കായിക പരിശീലന കേന്ദ്രങ്ങളുടെ അഭാവമുള്ള ജില്ലകളിൽ, ആയതിന്റെ കുറവ് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം</u>

*177 ശ്രീ. ജോസഫ് വാഴക്കൻ
,, പി. സി വിഷ്ണുനാഥ്
,, കെ. മുരളീധരൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം നവീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ: എങ്കിൽ വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് ഇത് നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ നിരീക്ഷിക്കാൻ സംവിധാനം</u>

*178 ശ്രീമതി കെ.കെ. ലതിക
ശ്രീ. ജി. സുധാകരൻ
,, പി. റ്റി. എ. റഹീം
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പീഡനങ്ങൾക്കിരയാകുന്ന സ്ത്രീകൾക്ക് വീഡിയോ കോൺഫറൻസിലൂടെ മൊഴി നൽകാനുള്ള സംവിധാനം ഏപ്പെടുത്തുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി ഏതെല്ലാം സ്ഥലങ്ങളിൽ ഇത്തരം സംവിധാനം ഏർപ്പെടുത്തുകയുണ്ടായി;

(സി) സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ ഔദ്യോഗിക കേന്ദ്രങ്ങളിലും ബസ്സ്റ്റാന്റുകളിലും റെയിൽവേ സ്റ്റേഷനുകളിലും മറ്റ് പൊതു സ്ഥലങ്ങളിലും തടയുന്നതിനും നിരീക്ഷിക്കുന്നതിനും നിലവിൽ സംവിധാനങ്ങൾ ഉണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) മാനഭംഗത്തിനിരയാകുന്നവരുടെ തെളിവെടുപ്പുകളും ഇപ്പോൾ പീഡനങ്ങളായി മാറിയ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടും തക്കതായ നടപടി സ്വീകരിച്ചില്ലെന്ന് തെളിഞ്ഞാൽ ഉത്തരവാദപ്പെട്ടവർക്കെതിരെ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>സ്ഥിരം കായികപരിശീലന കേന്ദ്രങ്ങൾ</u>

*179 ശ്രീ. എ. എം. ആരിഫ്
,, കെ. സുരേഷ് കുറുപ്പ്
,, വി. ശിവൻകുട്ടി
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ കായിക ഇനങ്ങളിൽ നൈപുണ്യം പ്രകടിപ്പിക്കുന്ന ഭാവി താരങ്ങൾക്കായി സ്ഥിരം പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) നിലവിലുള്ള പരിശീലന കേന്ദ്രങ്ങളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവശ്യസൗകര്യങ്ങൾ ലഭ്യമാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം കായിക ഇനങ്ങൾക്ക് എത്ര വീതം പുതിയ പരിശീലന കേന്ദ്രങ്ങളാണ് പുതുതായി സ്ഥാപിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) അന്താരാഷ്ട്ര തലത്തിൽ വിജയികളെ സമ്മാനിക്കാൻ കഴിയുന്ന എത്ര പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>ജയിൽ ആധുനികവൽക്കരണം</u>

*180 ശ്രീ. പാലോട് രവി
,, പി.സി.വിഷ്ണുനാഥ്
,, ഡൊമിനിക് പ്രസന്റേഷൻ
,, റ്റി.എൻ.പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജയിൽ സംവിധാനം ആധുനികവൽകരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) അന്തേവാസികൾക്ക് എന്തെല്ലാം കൂടുതൽ സൗകര്യങ്ങളും സുരക്ഷിതത്വവുമാണ് പദ്ധതിയിൽ ഒരുക്കിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 മാർച്ച് 16.

<u>**പ്രത്യേക ശ്രദ്ധയ്ക്ക്**</u>**:** നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ ചട്ടം 47(1)].